# PDP

**(A Registered Secular and National Political Party)**

Central Action Committee, Insaf Bhavan,
Deshabhimani Road, Kaloor, Kochi - 682 017
e-mail : pdpcackerala@gmail.com


COURT FEE 10 Rs.
भारत INDIA
दस रुपये
TEN RUPEES

TO,

ഇൻഫർമേഷൻ ഓഫീസർ
ധനകാര്യവകുപ്പ് മന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

8-3-2017
എറണാകുളം

FROM,

മുഹമ്മദ് റജീബ്
സാദരം
സൗഹൃദ പാത
അശോക റോഡ്
കലൂർ പി ഒ,കൊച്ചിൻ-17

വിഷയം-സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന സ്ത്രീപീഢനം തടയുന്നതിന് ബോധവത്കരണം നടത്തുന്ന രീതി സംബ്ന്ധിച്ച്

സർ,

സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന സ്ത്രീപീഢനങ്ങൾ തടയുന്നതിന് ആവിശ്യമായ ബോധവത്കരണം നടത്തുന്നതിന് വേണ്ടി 2017-2018 ബഡ്ജറ്റിൽ തുക മാറ്റി വെക്കുകയുണ്ടായി എന്ന് ബജറ്റ് പ്രസംഗംത്തിൽ കേട്ടിരുന്നു...ഇത് എപ്രകാരമാണ് ചിലവഴിക്കുക,ഇതിന് വേണ്ടി തിരഞ്ഞെടുക്കുന്നത് ആരെയാണ്....അവർക്കുണ്ടായിരിക്കേണ്ട മാനദണ്ഢങ്ങൾ എന്തൊക്കെയാണ്...എന്നിവ സംബ്ന്ധിച്ച വിവരങ്ങൾ വിവരാവകാശപ്രകാരം ലഭ്യമാക്കാൻ തല്പര്യപ്പെടുന്നു.

മുഹമ്മദ് റജീബ്

(സംസ്ഥാന) ജനറൽ സെക്രട്ടറി പി.ഡി.പി

## ഫാറം-എ

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥകളുടെ പരിശോധനയ്ക്കായി സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII നുള്ള കുറിപ്പ്

### ധനാഭ്യർത്ഥന നമ്പർ XLVI

| | | |
|---|---|---|
| 1 | പദ്ധതിയുടെ പേരും ശീർഷകവും പദ്ധതി വിവരണവും (പ്ലാൻ/നോൺ പ്ലാൻ) (കേന്ദ്രാവിഷ്കൃത പദ്ധതിയാണെങ്കിൽ തുക സംബന്ധിച്ച വിവരണം) | **വനിതാ വികസന പദ്ധതികൾ**<br>**2235-02-103-68 (പ്ലാൻ)**<br>സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം ഗാർഹികപീഢന നിയമം, പ്രിവൻഷൻ ഓഫ് ഇമ്മോറൽ ട്രാഫിക്കിംഗ് നിയമം തുടങ്ങിയ നിയമങ്ങളുടെ ഫലപ്രദമായ നിർവ്വഹണം ഉറപ്പാക്കാൻ ഈ പദ്ധതി ഊന്നൽ കൊടുക്കുന്നു. ജന്ററിന് പ്രാധാന്യം കൊടുത്ത നൈപുണ്യവികസനം, തൊഴിൽ രൂപീകരണം എന്നീ പ്രവർത്തനങ്ങൾക്കും ഈ പദ്ധതി ഊന്നൽ കൊടുക്കുന്നു. കൂടാതെ ജന്റർ അടിസ്ഥാനമാക്കിയുള്ള അക്രമങ്ങൾ തടയുന്നതിനും, വിധവകൾ, അവിവാഹിതരായ അമ്മമാർ എന്നിവരുടെ പദവി ഉയർത്തുന്നതിനുള്ള ശാക്തീരകരണ പരിപാടികൾ , ട്രൈബൽ ലേബർ ബാങ്ക്, നിർഭയ പദ്ധതിയുടെ കീഴിൽ വരുന്ന അതിക്രമങ്ങൾ തടയുന്നതിനുള്ള പരിപാടികൾ, പുനരധിവാസ ശാക്തീകരണം, ജെന്റർ അവബോധനം എന്നീ പുതിയ പരിപാടികൾക്കും ഈ പദ്ധതി ഊന്നൽ നൽകുന്നു. 2017-18ൽ താഴെ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു.<br><br>**എ) നിർഭയ പരിപാടികൾ**<br>• പുതിയ ഷെൽട്ടർ ഹോമുകളുടെ നിർമ്മാണം.<br>• ഐ.ഇ.സി പരിപാടികൾ, ജാഗ്രതാ സമിതികൾ വഴിയുള്ള പ്രതിരോധ പരിപാടികൾ, സുക്ഷ്മ ബോധ പരിപാടികൾ, സ്കൂൾ കൗൺസിലേഴ്സ് വഴിയുള്ള പ്രതിരോധ പരിപാടികൾ.<br>• ആഫ്റ്റർ കെയർ ഹോമുകൾ ആരംഭിക്കലും അവയുടെ നടത്തിപ്പും, ഷെൽട്ടർ ഹോം സ്റ്റാഫിനുള്ള കഴിവ് വർദ്ധിപ്പിക്കാനുള്ള പരിപാടികൾ.<br>• വൺ സ്റ്റോപ്പ് സെന്ററുകൾ ആരംഭിക്കലും, അവയുടെ പ്രവർത്തനവും<br>• ജില്ലാതല നിർഭയ എമർജെൻസി റെസ്പോൺസ് |

ടീമുകളുടെ രൂപീകരണവും നടത്തിപ്പും.

- നിർഭയ ഷെൽട്ടർ ഹോം അന്തേവാസികൾക്കുള്ള നൈപുണ്യ / തൊഴിൽ പരിശീലന പരിപാടികൾ.
- നിലവിലുള്ള ഷെൽട്ടർ ഹോമുകളുടെ നടത്തിപ്പ്.

**ബി) ജെന്റർ അവബോധന പരിപാടികൾ**

- പി.ഡബ്ളിയു. ഡി.വി കേസുകൾ സിവിൽ കേസ് ആയതിനാൽ അവ കൈകാര്യം ചെയ്യാൻ വക്കീലൻമാരെ ചുമതലപ്പെടുത്തുക; ഓരോ ജില്ലയിലും ഒരു മെസഞ്ചറെ നിയോഗിക്കുക.
- ഗാർഹിക പീഢനത്തിന് വിധേയരായവർക്ക് നിയമന കൗൺസിലിംഗ് ഏർപ്പെടുത്താൻ 111 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്ക് ധനസഹായം ; താഴെ തട്ടിലുള്ള അവബോധന പരിപാടികൾ, മീഡിയ കാമ്പയിനുകൾ ; PWD DV നിയമത്തിന്റെ കീഴിൽ വരുന്ന തൽപ്പര കക്ഷികളുടെ കഴിറ് വർദ്ധിപ്പിക്കാനുള്ള പരിപാടികൾ ; പുതിയ കൗൺസിലിംഗ് സെന്ററുകൾ തുടങ്ങുകയും പ്രത്യേക സേവനങ്ങൾ ലഭ്യമാക്കാനുള്ള സൗകര്യം ഏർപ്പെടുത്തലും.
- ജെന്റർ അഡ്വൈസറി ബോർഡിന്റെ പ്രവർത്തനം - ജെന്റർ അഡ്വൈസറുടേയും സ്റ്റാഫിന്റെയും വേതനവും അലവൻസും, വാഹനങ്ങളുടെ POL & മെയിന്റനൻസ് ചാർജ്ജ്, ജെന്റർ അഡ്വൈസറി കമ്മിറ്റിയുടെ ചെലവ്, ജെന്റർ പ്ലാനിംഗ്, ജെന്റർ ബഡ്ജറ്റിംഗ്, ജെന്റർ ആഡിററിംഗ്, ഡിപ്പാർട്ട്മെന്റൽ ജെന്റർ ആക്ഷൻ പ്ലാനിന്റെ നിർവ്വഹണം, സെക്ഷ്വൽ ഹരാസ്സ്മെന്റ് ഓഫ് വിമൺ അറ്റ് വർക്ക് പ്ലേസ് (പ്രിവെൻഷൻ, പ്രൊഹിബിഷൻ ആന്റ് റിഡ്രസ്സൽ ആക്ട്, 2013ന്റെ നിർവ്വഹണം മോണിററിംഗ് എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ.
- ജോലി സ്ഥലത്തെ ലൈംഗിക അതിക്രമങ്ങൾക്കെതിരെയുള്ള അവബോധനം ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ.

**സി) സ്ത്രീ ശാക്തീകരണ പരിപാടികൾ**

1. വനിതാ ക്ഷേമ സ്ഥാപനങ്ങൾ

- വനിതാക്ഷേമ സ്ഥാപനങ്ങളിലുള്ള അന്തേവാസികൾക്ക് ട്യൂഷൻ ഫീസ്, താമസ ചെലവ്, പഠന ഉപകരണങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സഹായം; വനിതാ ക്ഷേമ സ്ഥാപനങ്ങളിലുള്ള അന്തേവാസികൾക്കും മുൻ അന്തേവാസികൾക്കും തൊഴിൽ പരിശീലന നൽകലും, സ്വയം തൊഴിലിന് ധനസഹായം നൽകലും വിവാഹത്തിനുള്ള ധനസഹായവും

വാർഷിക കൂടിച്ചേരലും; വിജയകരമായ പ്രവർത്തനങ്ങളുടെ പ്രദർശനവും

- കൗൺസിലിംഗും ആരോഗ്യ ചെലവുകളും.
- ഗാർഹിക പീഢനത്തിന് ഇരയാകുന്നവർക്ക് പെട്ടെന്ന് അടിയന്തിര സുരക്ഷ ഉറപ്പാക്കൽ ; 17 ഷെൽട്ടർ ഹോമുകൾക്കുള്ള ഫണ്ട്, വസ്ത്രം, ആഹാരം, വാടക ആരോഗ്യ ചെലവുകൾ, സ്റ്റാഫിന്റെ ഓണറേറിയം, തൊഴിൽ പരിശീലനം, സ്വയംതൊഴിൽ, കൗൺസിലിംഗിനുള്ള ധനസഹായം, സ്വഭാവ പരിശീലനം, നിയമ സഹായം, ഹെൽപ്പ് ലൈൻ, മാർഗ്ഗനിർദ്ദേശം തുടങ്ങിയവ.

2. മറ്റ് വനിതാ ശാക്തീകരണ പരിപാടികൾ.

- ജെന്റർ അടിസ്ഥാനമാക്കിയ അതിക്രമങ്ങൾ തടയുന്നതിനുള്ള ബൃഹത്തായ ആക്ഷൻ പ്ലാൻ രൂപീകരണം.
- വിധവകൾ, അവിവാഹിതരായ അമ്മമാർ എന്നിവർക്കായുള്ള കഴിവ് ഉയർത്താനുള്ള ശാക്ത്രീകരണ പരിപാടികൾ.
- മാനന്തവാടി ബ്ലോക്കിലെ തണ്ടർനാട് പഞ്ചായത്തിലെ ട്രൈബൽ വനിതകൾക്കു വേണ്ടി ലേബർ ബാങ്ക് രൂപീകരണം.
- മുതിർന്ന വനിതകൾക്കുള്ള ഡേ കെയർ സെന്റർ തുടങ്ങുന്നതിന് സൗകര്യം ഏർപ്പെടുത്തൽ.
- സ്വന്തം വീട്ടിൽ കഴിയുന്ന മാനസിക വൈകല്യമുള്ള വനിതകൾക്ക് ആരോഗ്യ ചെലവുകൾ വഹിക്കാനുള്ള ധനസഹായം നൽകൽ; വൺ ഡേ ഹോമുകളുടേയും ഉദ്യോഗസ്ഥ വനിതകൾക്കുള്ള ഹോസ്റ്റലുകളുടെ നടത്തിപ്പും
- വനിതാ ഗൃഹനാഥയായിട്ടുള്ള കുടുബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, രക്ഷിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ടതോ,, രണ്ടു പേരും ഇല്ലാത്തതോ ആയ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം.
- ജന്റർറുമായി ബന്ധപ്പെട്ട അവബോധന ക്യാമ്പുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ, പാർശ്വവൽക്കരിക്കപ്പെട്ട വിധവകൾ, ഏക വനിതാ, എയ്ഡ്സ്, HIV പോസീറ്റീവ് എന്നീ രോഗം ബാധിച്ച വനിതകൾ, എയ്ഡ്സ് രോഗികളുടെ കുട്ടികൾ എന്നിവർക്കുള്ള സ്ഥാപന / സ്ഥാപനനേതര സേവനങ്ങൾ.
- ഡിപ്പാർട്ട്മെന്റൽ ജെന്റർ ആക്ഷൻ പ്ലാൻ, വനിതാ ഘടക പദ്ധതി എന്നിവയ്ക്ക് രൂപം കൊടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നാഷണൽ മിഷൻ ഫോർ എംപവർമെന്റ് ഓഫ് വിമണിന്റെ കീഴിലുള്ള സ്റ്റേറ്റ്

റിസോഴ്സ് സെന്റർ പ്രവർത്തനങ്ങൾ.

- ഹോം നേഴ്സുകൾക്കുള്ള പരിശീലനം, ഹോം നേഴ്സിംഗ് ഏജൻസികൾക്ക് ലീഗൽ ഫ്രെയിമിംഗ് വർക്ക് രൂപീകരണം; അഭയസ്ഥാനമില്ലാത്ത വിധവകൾക്ക് അഭയവും, കുടുംബ ചുറ്റുപാടും നൽകുന്ന ബന്ധുക്കൾക്കുള്ള സഹായം.
- വനിതാ രത്ന പുരസ്കാരം - വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മഹനീയ വനിതകൾക്ക് അസാധാരണമായ നേട്ടം കൈവരിച്ചതിനുള്ള അവാർഡ്.
- അധിക്ഷേപം തടയുന്നതിന് വനിതാ ശാക്തീകരണത്തിനുള്ള അവബോധന പരിപാടികൾ
- ജോലിസ്ഥലത്തെ ലൈംഗിക പീഢന നിയമ നിർവ്വഹണവുമായി ബന്ധപ്പെട്ട അവലോകന പഠനം.

2017-18ൽ 1800.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തുന്നു. ഇതിൽ 500.00 ലക്ഷം രൂപ നിർഭയ പരിപാടികൾക്കും 100.00 ലക്ഷം രൂപ ജെന്റർ അവബോധന പരിപാടികൾക്കും 1200.00 ലക്ഷം രൂപ വനിതാ ശക്തീകരണ പരിപാടികൾക്കുമാണ്.

| | | |
|---|---|---|
| 2 | നിലവിലുള്ള ബഡ്ജറ്റ് വിഹിതം ( രൂപ ആയിരത്തിൽ) | 180000 |
| 3 | അധികം തുക ആവശ്യമായി വരുന്ന പക്ഷം ( രൂപ ആയിരത്തിൽ) | 0 |
| 4 | ആകെ തുക ( രൂപ ആയിരത്തിൽ) | 180000 |
| 5 | അധികം തുക ആവശ്യപ്പെ ടുന്ന തിനുള്ള കാരണം | |
| 6 | മുൻ വർഷത്തെ ബഡ്ജറ്റ് വിഹിതം ( രൂപ ആയിരത്തിൽ) | 89500 |
| 7 | മുൻ വർഷം ചെലവായ തുക ( രൂ ആയിരത്തിൽ) | 48495 |

**വിവരാവകാശം /മറുപടി**

നം. PC1/15654/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 15..4..2017
Email : swdkerala@gmail.com
Phone: 0471-2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
തിരുവനന്തപുരം

ശ്രീ.മുഹമ്മദ് റജീബ്
സാദരം, സൗഹൃതപാത
അശോക റോഡ്, കലൂർ.പി.ഒ
കൊച്ചിൻ - 17

സർ,

വിഷയം :സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :1)29..3..2017 തീയതിയിലെ സാനീവ.ബി.3/55/2017/സാനീവ നമ്പർ സർക്കാർ കത്ത്.
:2)8..3..2017 തീയതിയിലെ താങ്കളുടെ അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധക്ഷണിക്കുന്നു. വിവിധ വനിതാ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ജൻഡർ ബോധവൽക്കരണ പരിപാടികൾ, സ്ത്രീ ശാക്തീകരണ പരിപാടികൾ, ഹ്രസ്വചിത്രം തയ്യാറാക്കൽ, പത്രമാധ്യമങ്ങളിൽ പരസ്യം നൽകൽ എന്നിവയുൾപ്പെടുന്ന വിവിവധ വനിതാവികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് ടി തുക വിനിയോഗിക്കുന്നതാണ്. കൂടാതെ കാലാനുസൃതമായി രൂപപ്പെടുന്ന ആശയങ്ങൾക്കനുസൃതമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതും മേൽ പരിപാടികൾ നേരിട്ടോ വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്ന NGO മുഖേനയോ നടപ്പിലാക്കുന്നതുമാണ്.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിലെ അപ്പീൽ അധികാരിയായ ശ്രീമതി. ജലജ.എസ്. ന്റെ പേരിൽ 30 ദിവസത്തിനകം അപ്പീൽ പെറ്റിഷൻ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

S.L.ശ്യാം ശങ്കർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സുപ്രണ്ട്, സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം